"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- ദേശീയ തൊഴിലുറപ്പ് പദ്ധതി, വനിതാ ശിശു വികസന വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ സംയോജിത പദ്ധതിയായി അങ്കണവാടികൾ നിർമ്മിക്കുന്ന പദ്ധതിയിൽ വനിതാ ശിശു വികസന വകുപ്പിന്റെയും തദ്ദേശ സ്ഥാപനങ്ങളുടെയും വിഹിതമായി മിഷൻ ഡയറക്ടറുടെ പേരിലുള്ള TSB അക്കൗണ്ടിൽ നിലവിൽ നിക്ഷേപിച്ചിട്ടുള്ള തുക സ്റ്റേറ്റ് എംപ്ലോയ്മെന്റ് ഗ്യാരന്റി ഫണ്ട് അക്കൗണ്ടിലേക്ക് മാറി നൽകാൻ അനുവാദം നൽകി ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡി.ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.554/2022/LSGD തീയതി,തിരുവനന്തപുരം, 08-03-2022

---

പരാമർശം:-
1. സ.ഉ.(ആർടി) നം.118/17ത.സ്വ.ഭ.വ തീയതി 12.01.2016
2. സ.ഉ.(ആർടി) നം.223/17ത.സ്വ.ഭ.വ തീയതി 27.01.2017
3. മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 29.10.2021, 20.12.2021 തീയതികളിലെ 2507/എ/17/ആർ.ഇ.ജി.എസ് നമ്പർ കത്തുകൾ

**ഉത്തരവ്**

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വനിതാ ശിശു വികസന വകുപ്പുമായും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായും സംയോജിച്ച് അങ്കണവാടികൾ നിർമ്മിക്കുന്ന പദ്ധതിയിൽ 5 ലക്ഷം രൂപ വരെ തൊഴിലുറപ്പ് പദ്ധതി വിഹിതമായും അതിലധികം തുക ആവശ്യം വരുന്ന പക്ഷം 2 ലക്ഷം രൂപ വരെ വനിതാ ശിശു വികസന വകുപ്പിൽ നിന്നും ചെലവഴിക്കുന്നതിനും ഇതിനു പുറമെയുള്ള തുക ആവശ്യമെങ്കിൽ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിനും പരാമർശം (1), പരാമർശം (2) ഉത്തരവുകൾ പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുള്ളതാണ്. വനിതാ ശിശു വികസന വകുപ്പിന്റെയും തദ്ദേശ സ്ഥാപനങ്ങളുടെയും വിഹിതം സർക്കാർ അംഗീകാരം നൽകിയ പ്രകാരം മിഷൻ ഡയറക്ടറുടെ പേരിലുള്ള TSB അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. ഈ അക്കൗണ്ടിൽ നിന്നും നിർവ്വഹണ ഏജൻസികളായ ഗ്രാമ പഞ്ചായത്തുകൾക്ക് NEFT വഴി ആവശ്യാനുസരണം ഫണ്ട് അനുവദിക്കുന്നു. നിർവ്വഹണ ഏജൻസികൾക്ക് കൈമാറുന്നതിനായി ആദ്യം ഫണ്ട് സ്റ്റേറ്റ് എംപ്ലോയ്മെന്റ് ഗ്യാരന്റി ഫണ്ട് അക്കൗണ്ടിലേക്ക് കൈമാറേണ്ടതായിട്ടുണ്ട്. എന്നാൽ മാത്രമേ തൊഴിലുറപ്പ് പദ്ധതിയുടെ MIS-ൽ അക്കൗണ്ട് ചെയ്യാൻ സാധിക്കൂ. എന്നാൽ കേന്ദ്രാവിഷ്കൃത പദ്ധതി ഫണ്ടിന്റെ പരിഷ്കരിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം PFMS ഉപയോഗിച്ചുകൊണ്ട് സിംഗിൾ നോഡൽ അക്കൗണ്ടിൽ നിന്നും മറ്റ് നിർവ്വഹണ ഏജൻസികളുടെ സീറോ ബാലൻസ് സബ്സിഡിയറി അക്കൗണ്ടിലേയ്ക്കോ അല്ലെങ്കിൽ ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്ക് DBT മുഖേനയോ

മാത്രമേ കൈമാറാൻ സാധിക്കു എന്നതിനാൽ TSB അക്കൗണ്ടിലെ തുക SEGF അക്കൗണ്ടിലേക്ക് മാറാൻ പ്രത്യേക അനുവാദം നൽകണമെന്ന് മിഷൻ ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നിർവ്വഹണ ഏജൻസികളായ ഗ്രാമപഞ്ചായത്തുകൾക്കുള്ള ഫണ്ട് കേന്ദ്ര സർക്കാരിന്റെ NREGS Software മുഖാന്തിരം ട്രാൻസ്ഫർ ചെയ്തു നൽകിയാൽ മാത്രമേ പ്രവൃത്തി പുരോഗതി വിലയിരുത്തുന്നതിനും, പ്രവൃത്തിയുടെ പൂർത്തീകരണം നൽകി പ്രവൃത്തി ക്ലോസ് ചെയ്യാനും സാധിക്കുകയുള്ളൂ. IFMS ഉം NREGS Software ഉം തമ്മിൽ ബന്ധിപ്പിക്കപ്പെട്ടിട്ടില്ലാത്തതിനാൽ സ്കീം ചെലവു കാണിക്കാനും completion നൽകാനും കഴിയില്ല. മാത്രമല്ല 2016-17 വർഷത്തെ കേന്ദ്ര ഫണ്ടും അതിന്റെ സംസ്ഥാന വിഹിതവുമാണ് TSB അക്കൗണ്ടിൽ നിലവിലുള്ളത്. ഈ സാഹചര്യത്തിൽ തൊഴിലുറപ്പ് പദ്ധതി, വനിതാ ശിശുവികസന വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ സംയോജനത്തിലൂടെ അങ്കണവാടികൾ നിർമ്മിക്കുന്ന പദ്ധതിക്കായി വനിതാ ശിശു വികസന വകുപ്പിന്റെയും തദ്ദേശ സ്ഥാപനങ്ങളുടെയും വിഹിതമായി മിഷൻ ഡയറക്ടറുടെ പേരിലുള്ള TSB അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ള ടി തുക SEGF അക്കൗണ്ടിലേക്ക് മാറി നൽകാൻ അനുവാദം നൽകി ഉത്തരവാകുന്നു. പദ്ധതിക്കായി തുടർന്ന് ലഭ്യമാവുന്ന ഫണ്ട് കേന്ദ്ര ഫണ്ട് സംബന്ധിച്ച പരിഷ്കരിച്ച നടപടിക്രമങ്ങൾക്ക് അനുസൃതമായി PFMS സ്റ്റേറ്റ് ഡയറക്ടറേറ്റിന്റെ നിർദ്ദേശം തേടിയ ശേഷം PFMS മുഖേന തന്നെ നൽകേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഷൈജ സി ജി

ഡെപ്യൂട്ടിസെക്രട്ടറി

മിഷൻ ഡയറക്ടർ, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം

ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം

ധനകാര്യ വകുപ്പ് (ഡവ-2/296/2021-ധന(1916327) തീയതി 04.03.2022 (ആവശ്യമായ മേൽ നടപടിയ്ക്ക്)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്),തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ(എ&ഇ), തിരുവനന്തപുരം

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

വെബ് & ന്യൂ മീഡിയ (ഐ & പി.ആർ.ഡി)

സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

**Signed by Nisam N**

**Date: 08-03-2022 15:17:36**

സെക്ഷൻ ഓഫീസർ

പകർപ്പ്:ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

ബഹു.തദ്ദേശ സ്വയംഭരണം, ഗ്രാമവികസന, എക്സൈസ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്